സി2/40446/2015/ഡി.റ്റി.ഇ.

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം
തീയതി 24.11.2015.

# സർക്കുലർ

വിഷയം:- സാങ്കേതിക വിദ്യാഭ്യാസം - പോളിടെക്നിക്ക് കോഴ്സ്- വിദ്യാർത്ഥികളുടെ സ്ഥാപന മാറ്റവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ- സംബന്ധിച്ച്.

സൂചന:- ഈ ഓഫീസിലെ 20.06.2015-ലെ സി2/5154/2014/ഡി.റ്റി.ഇ നമ്പർ സർക്കുലർ.

സൂചനയിലെ സർക്കുലർ പ്രകാരം, സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ/എയ്ഡഡ് പോളിടെക്നിക്ക് കോളേജുകളിലെ രണ്ടും മൂന്നും സെമസ്റ്ററുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ സ്ഥാപനമാറ്റ നിർവ്വഹണം വ്യവസ്ഥാനുസരണം മെറിറ്റിന്റെ അടിസ്ഥാനത്തിൽ നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കുന്നതിന് ബന്ധപ്പെട്ട സ്ഥാപന മേധാവികളെ ചുമതലപ്പെടുത്തിയിട്ടുള്ളതും നാല് മുതൽ ആറ് വരെ സെമസ്റ്ററുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ സ്ഥാപനമാറ്റവുമായി ബന്ധപ്പെട്ട അപേക്ഷകൾ ആവശ്യമായ വിവരങ്ങളും ശിപാർശകളും സഹിതം ഈ ആഫീസിലേയ്ക്ക് അയയ്ക്കണമെന്ന നിർദ്ദേശം നൽകിയിട്ടുള്ളതും ആകുന്നു.

മേൽ സർക്കുലറിലെ നിർദ്ദേശങ്ങൾക്ക് തുടർച്ചയായി സ്ഥാപനമാറ്റ നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന നിർദ്ദേശങ്ങൾ കൂടി കർശനമായി പാലിക്കണമെന്ന് എല്ലാ സ്ഥാപന മേധാവികളോടും നിർദ്ദേശിക്കുന്നു.

രണ്ടും മൂന്നും സെമസ്റ്ററുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ സ്ഥാപനമാറ്റവുമായി ബന്ധപ്പെട്ട അപേക്ഷകൾ സെമസ്റ്റർ ആരംഭിച്ച് പത്ത് ദിവസത്തിനകം വിദ്യാർത്ഥികളിൽ നിന്നും സ്വീകരിച്ച് അടുത്ത പത്ത് ദിവസത്തിനകം വ്യവസ്ഥാനുസരണം നടപടിക്രമങ്ങൾ പൂർത്തീകരിച്ച് കൊള്ളേണ്ടതാണ്.

നാലു മുതൽ ആറു വരെ സെമസ്റ്ററുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ സ്ഥാപനമാറ്റവുമായി ബന്ധപ്പെട്ട അപേക്ഷകൾ സെമസ്റ്റർ ആരംഭിച്ച് പത്ത് ദിവസത്തിനകം വിദ്യാർത്ഥികളിൽ നിന്നും ശേഖരിച്ച് ക്രോഡീകരിച്ച് വ്യക്തമായ റിപ്പോർട്ടും ആവശ്യമായ ശിപാർശയും സഹിതം അടുത്ത പത്ത് ദിവസത്തിനകം ഈ ആഫീസിലേയ്ക്ക് അയച്ച് നൽകേണ്ടതാണ്. പ്രസ്തുത കാലയളവിന് ശേഷം ലഭിക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.

ഓരോ ബ്രാഞ്ചിലും നാല് മുതൽ ആറ് വരെ സെമസ്റ്ററുകളിൽ ഉണ്ടാകുന്ന ഒഴിവുകൾ ക്വാട്ടയുടെ അടിസ്ഥാനത്തിൽ അതാത് സെമസ്റ്ററുകൾ ആരംഭിച്ച് പത്ത് ദിവസത്തിനകം ഈ ആഫീസിൽ അറിയിക്കണമെന്ന് കൂടി എല്ലാ സ്ഥാപന മേധാവികളോടും നിർദ്ദേശിക്കുന്നു.

(ഒപ്പ്)/-
സാമുവൽ മാത്യൂ.റ്റി
സീനിയർ ജോയിന്റ് ഡയറക്ടർ (പി.എസ്)

സ്വീകർത്താവ്

1. എല്ലാ സർക്കാർ/എയ്ഡഡ് പോളിടെക്നിക് കോളേജ് പ്രിൻസിപ്പാൾമാർക്കും. (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).
2. ട്രെയിനിംഗ് ആഫീസർ, സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം. (വെബ്സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിന് വേണ്ടി).
3. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി).

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

എൻ.ആർ.24.11.15